കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം
1999 ഡിസംബർ 23, വ്യാഴം

വാല്യം 109] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 1999 ഡിസംബർ മാസം 23-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

(ചോദ്യം 237-ഉം 259-ഉം ഒരുമിച്ച് എടുക്കാം.)

1 (*237) പാഠ്യപദ്ധതിയിൽ മലയാളത്തിനുള്ള പ്രാമുഖ്യം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃഭാഷയ്ക്ക് പാഠ്യപദ്ധതികളിൽ പ്രാമുഖ്യം നൽകാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) എസ്.എസ്.എൽ.സി.ക്ക് റാങ്ക് നൽകുമ്പോൾ മലയാളം മാധ്യമത്തിൽ പഠിക്കുന്നവർക്ക് ഗ്രെയ്സ് മാർക്ക് നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(സി) കോളേജ്തലത്തിൽ ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുവാനും പരീക്ഷ എഴുതുവാനും മെഡിക്കൽ, എഞ്ചിനീയറിംഗ് പരീക്ഷ എഴുതുവാനും മലയാളം മാധ്യമമാക്കുവാൻ അനുമതി നൽകുമോ;

(ഡി) ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിലുള്ളവർക്ക് സിവിൽ സർവ്വീസ് പരീക്ഷ ഹിന്ദിയിലെഴുതാമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേരളത്തിൽനിന്നുള്ള സിവിൽ സർവ്വീസ് പരീക്ഷാർത്ഥികൾക്ക് മലയാളത്തിൽ പരീക്ഷ എഴുതുവാൻ ഉതകുന്ന സാഹചര്യം സൃഷ്ടി

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഒന്നാം ക്ലാസ്സു മുതൽ നടപ്പിലാക്കി വരുന്ന പുതിയ പാഠ്യപദ്ധതിയിൽ മാതൃഭാഷയ്ക്ക് വളരെയേറെ പ്രാമുഖ്യം നൽകിയിട്ടുണ്ട്. മാതൃഭാഷയിലെ പ്രാവീണ്യം, ആശയവിനിമയശേഷികൾ എന്നിവയ്ക്കും മാതൃഭാഷയിലൂടെയുള്ള ശാസ്ത്രപഠനത്തിനും അർഹമായ പ്രാധാന്യം നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉന്നത വിദ്യാഭ്യാസത്തിന് മാതൃഭാഷ മാദ്ധ്യമമാക്കുക എന്നത് അഭികാമ്യം ആണെങ്കിലും അനുയോജ്യമായ ശാസ്ത്ര സാങ്കേതിക പാഠാവലി തയ്യാറാക്കുന്നത് ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ തരണം ചെയ്യേണ്ടതിനാൽ ഈ മാറ്റം ഉടൻ നടപ്പിൽ വരുത്തുക പ്രായോഗികമല്ല.

(ഡി) സിവിൽ സർവ്വീസ് പരീക്ഷ ഹിന്ദിയിലെഴുതാമെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം.

മി.സ്പീക്കർ : ചോദ്യം 259

2 (*259) സ്കൂൾതലത്തിലെ ഭാഷാപഠനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂൾതലത്തിൽ നിലവിലുള്ള ഭാഷാപഠനക്രമത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിലെ പാഠ്യപദ്ധതി സംബന്ധിച്ച സമീപന രേഖയിൽ ഭാഷാ പഠനക്രമത്തെ സംബന്ധിച്ച് എന്തെങ്കിലും വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ പ്രൈമറി സ്കൂൾതലത്തിൽ അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷാപഠനം നിറുത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതിയെ സംബന്ധിച്ച് സമീപന രേഖ പുറത്തിറക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) നിലവിലുള്ള ഭാഷാ പഠനക്രമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly